പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1608 21.3.2012-ൽ മറുപടിയ്ക്ക്

ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) വയനാട് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തിന്റെ ഒരു ജൈവ കാർഷിക നയത്തിന് രൂപം നൽകി പ്രഖ്യാപിച്ചു കഴിഞ്ഞു. ജൈവ കാർഷിക നയം പ്രാവർത്തിക മാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഇപ്രകാരം ആകുന്നു.<br>1. 2010-11, 2011-12 വർഷം സംസ്ഥാന ഓർഗാനിക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി.<br>2. 2010-11 കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ദേശീയ ഓർഗാനിക് ഫാമിംഗ് പദ്ധതി.<br>3 സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജൈവ |

കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നടത്തുന്നതിന് ഹെക്ടറൊന്നിന് 10000 രൂപ ധനസഹായം നൽകുന്നു. വയനാട് ഓർഗാനിക് അഗ്രിക്കൾച്ചറൽ കൺ സോർഷ്യം മുഖാന്തിരം ജൈവ കർഷകർക്ക് 600 ഹെക്ടർ സ്ഥലത്ത് ജൈവസർട്ടിഫിക്കേഷൻ നടത്തു ന്നതിന് 60 ലക്ഷം രൂപയുടെ പ്രോജക്ട് നടപ്പിലാക്കി വരുന്നു. ഈ തുക 3 വർഷത്തിലേക്കായി 3:3:4 എന്ന തോതിലാണ് ചെലവാക്കി വരുന്നത്.

4. വയനാട് കുരുമുളക് പാക്കേജ് പ്രകാരം 2800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷി ചെയ്തു വരുന്നു.

5. സുഗന്ധ നെൽകൃഷി ജൈവികാടിസ്ഥാനത്തിൽ നടത്തി വരുന്നു.

**കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ 2011-12 വർഷത്തിൽ വയനാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 500 ഹെക്ടർ സ്ഥലത്ത് ജൈവരീതിയിലുള്ള പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ 1 സെമിനാറും 2 പഠന യാത്രകളും 2 മാതൃക പ്രദർശന തോട്ടങ്ങളും 5 ജൈവക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്.**

(ബി) ജൈവകാർഷികരീതി അവലംബിക്കുന്ന കർഷകർക്ക് ഇൻസന്റീവും, ഉൽപ്പാദനോപാധികൾക്ക് സബ്സിഡിയും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) **ഉണ്ട്.**

1) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

| വർഷം | ജൈവ സർട്ടിഫിക്കേഷൻ | ജൈവകൃഷി അവലംബിക്കൽ |
|---|---|---|
| 2008-09 | 22,43,280 | 2,17,34,715 |
| 2009-10 | 0 | 0 |
| 2010-11 | 11,76,520 | 15,74,360 |

2) കൃഷി വകുപ്പ് 2009-10

i) വെർമി കമ്പോസ്റ്റ് - 1.66 ലക്ഷം രൂപ

ii)ആയിരം പച്ചക്കറി ഗ്രാമം-15,- ലക്ഷം രൂപ

iii)സുഗന്ധ നെൽകൃഷി - 70 ലക്ഷംരൂപ

iv)ഓർഗാനിക് വില്ലേജ്-3.7754 ലക്ഷം രൂപ

കൃഷി വകുപ്പ് 2010-11

i) ഓർഗാനിക് കൃഷി ഇൻസ്റ്റീവ്-13.50 ലക്ഷം രൂപ

ii) പ്രൊമോഷണൽ ആക്റ്റിവിറ്റി-1.05 ലക്ഷം രൂപ

iii) പെപ്പർ പാക്കേജ്-235.80 ലക്ഷം രൂപ

(സി) 2009-10 സാമ്പത്തികവർഷം പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2009-10 സാമ്പത്തികവർഷം കൃഷി വകുപ്പ് മുഖാന്തിരം നടത്തിവന്ന ജൈവകൃഷി പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നിർത്തലാക്കുകയും പ്രസ്തുത പദ്ധതി ഇന്റർനാഷണൽ കോമ്പിറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രിക്കൾച്ചർ (ICCOA) എന്ന സന്നദ്ധ സംഘടനയെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ ഈ ഏജൻസി മാനദണ്ഡ പ്രകാരം പദ്ധതി നടപ്പിലാക്കാതിരുന്നതിനാൽ ആനുകൂല്യം വിതരണം ചെയ്തില്ല.

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് വയനാട് ഓർഗാനിക് അഗ്രികൾച്ചറൽ കൺസോർഷ്യത്തിന്റെ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ? | (ഡി) | ലഭിച്ചിട്ടില്ല. 2009-10-ലെ പദ്ധതി നടപ്പാ ക്കാൻ പറ്റാത്തതിനാൽ 2010-11 മുതൽ വയനാട് ഓർഗാനിക് അഗ്രിക്കൾച്ചറൽ കൺസോർഷ്യം (WOACS) വഴി 60 ലക്ഷം രൂപയുടെ പ്രോജക്ട് നടത്തി വരുകയും ചെയ്യുന്നു. |

Snshams
സെക്ഷൻ ഓഫീസർ